**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** - 2719 12.02.2019-ലെ മറുപടി

**കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | എ) യും ബി) യും | കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതിയുടെ കിണർ, പമ്പ് സെറ്റ്, പമ്പിങ് മെയിൻ, ശുദ്ധീകരണശാല, ജലസംഭരണികൾ ആയതിലേക്കുള്ള പൈപ്പ് ലൈൻ എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. വിതരണ ശൃംഖലയുടെ പ്രവൃത്തി 80% പൂർത്തിയായിട്ടുണ്ട്.<br>എന്നാൽ തോട്ടശ്ശേരിയറ വലിയപറമ്പ് റോഡിൽ പി.ഡബ്ള്യു.ഡി. യിൽ റോഡ് റെസ്റ്റോറേഷൻ തുക അടവാക്കിയിട്ടും ഇതേ വരെ റോഡ് കുഴിച്ച് പൈപ്പിടാനുള്ള അനുമതി ലഭ്യമായിട്ടില്ല. മേൽ പറഞ്ഞ റോഡിലെ പൈപ്പിടാനുള്ള അനുമതിയും വേങ്ങര മിനി ശുദ്ധീകരണശാല ജലസംഭരണിയിൽനിന്നും പെരുപ്പടിമല സംഭരണിയിലേക്ക് പമ്പ് ചെയ്യാനാവശ്യമായ വൈദ്യുതി കണക്ഷൻ കൂടി ലഭ്യമായാൽ മാത്രമേ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.<br>വൈദ്യുതി കണക്ഷനു വേണ്ടി ബന്ധപ്പെട്ട അപേക്ഷ വേങ്ങര കെ.എസ്.ഇ.ബി. യിൽ സമർപ്പിച്ചുവെങ്കിലും നിലവിലുള്ള കുടിശ്ശികയായ 2,21,75,175/- രൂപ അടവാക്കിയാൽ മാത്രമേ വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയുള്ളൂ എന്ന നിലപാടാണ് കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ളത്. |
| ബി) പ്രസ്തുത പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | | |
| സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ വരുന്ന വേങ്ങര മിനി ശുദ്ധീകരണശാല പ്രവർത്തനയോഗ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | സി) | വേങ്ങര മിനി ശുദ്ധീകരണശാല പ്രവർത്തനക്ഷമമാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ